# പതിനാലാം കേരള നിയമസഭ
# ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. 238 — 06/02/2018 – ൽ മറുപടിക്ക്

## തൊഴിലാളികളുടെ ചികിത്സയ്ക്കായുള്ള പദ്ധതികൾ

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | **ശ്രീമതി.പി. അയിഷാ പോറ്റി**<br>**ശ്രീ.കെ.ആൻസലൻ**<br>**ശ്രീ.ജോർജ് എം. തോമസ്**<br>**ശ്രീ.പി.കെ.ശശി** | | **ശ്രീ.ടി.പി.രാമകൃഷ്ണൻ**<br>**(തൊഴിലും എക്സൈസും വകുപ്പ് മന്ത്രി)** |
| (എ) | സംസ്ഥാനത്ത് വിവിധ മേഖലകളിൽ ജോലി ചെയ്യുന്ന തൊഴിലാളികളുടെ ചികിത്സയ്ക്കായി എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; | (എ) | സംസ്ഥാനത്ത് വിവിധ മേഖലകളിൽ ജോലി ചെയ്യുന്ന തൊഴിലാളികളുടെ ചികിത്സയ്ക്കായി നടപ്പിലാക്കിയിട്ടുള്ള പദ്ധതികൾ ചുവടെ ചേർക്കുന്നു.<br>1. ഇ.എസ്.ഐ പദ്ധതി<br>2. ആർ.എസ്.ബി.വൈ/ചിസ് പദ്ധതി<br>3. എസ് ചിസ് പദ്ധതി<br>4. ചിസ് പ്ലസ് പദ്ധതി<br>5. ആബി പദ്ധതി |
| (ബി) | ഇവരുടെ ചികിത്സയ്ക്കായി സംസ്ഥാനത്ത് പുതിയ ഇ.എസ്.ഐ. ഡിസ്പെൻസറികൾ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; | (ബി) യും (സി) യും (ഡി) യും | 15.09.2017 ലെ സ.ഉ(കൈ)നം.75/17/തൊഴിൽ പ്രകാരം സംസ്ഥാനത്ത് പുതുതായി 18 ഏക ഡോക്ടർ ടൈപ്പ് ഇ.എസ്.ഐ ഡിസ്പെൻസറികൾ തുടങ്ങുന്നതിന് അനുമതി നൽകിയും ആയതിന്റെ സുഗമമായ പ്രവർത്തനത്തിനായി 162 തസ്തികകൾ സൃഷ്ടിച്ചും ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. പുതുതായി ആരംഭിക്കുന്ന ഡിസ്പെൻസറികളുടെ ജില്ല തിരിച്ചുള്ള വിശദാംശവും ആരംഭിക്കാനുദ്ദേശിക്കുന്ന തസ്തികകളുടെ വിശദാംശവും അനുബന്ധമായി ചേർക്കുന്നു. പുതുതായി അനുവദിക്കപ്പെട്ട ഡിസ്പെൻസറികളുടെ പ്രവർത്തനം ആരംഭിക്കുന്നതിനാവശ്യമായ കെട്ടിടങ്ങൾ സജ്ജമാക്കുന്നതിനുള്ള നടപടികൾ ഇ.എസ്.ഐ കോർപ്പറേഷനുമായി ബന്ധപ്പെട്ട് സ്വീകരിച്ചുവരുന്നു. |
| (സി) | എങ്കിൽ ഏതെല്ലാം ജില്ലകളിലാണ് ഇവ ആരംഭിക്കാൻ ഉദ്ദേശിക്കുന്നത്; | | |
| (ഡി) | പുതിയതായി ആരംഭിക്കുന്ന ഡിസ്പെൻസറികളിലേയ്ക്ക് ആവശ്യമായ ഡോക്ടർമാരെയും ജീവനക്കാരെയും നിയമിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ? | | |

**സെക്ഷൻ ഓഫീസർ**

## അനുബന്ധം

### 15.09.2017 ലെ സ.ഉ(കൈ)നം. 75/17/തൊഴിൽ പ്രകാരം

### പുതിയതായി ആരംഭിക്കുന്നതിനു അനുമതി നൽകിയ ഡിസ്പെൻസറികൾ

| ക്രമ നമ്പർ | ജില്ല | സ്ഥലം |
|---|---|---|
| 1 | തിരുവനന്തപുരം | വെഞ്ഞാറമൂട് ( വാമനപുരം) |
| 2 | കൊല്ലം | കുളത്തൂപ്പുഴ (പുനലൂർ) |
| 3 | പത്തനംതിട്ട | റാന്നി (റാന്നി) |
| 4 | ഇടുക്കി | കണ്ണൻദേവൻ ഹിൽസ് (ദേവികുളം), പീരുമേട് (പീരുമേട്), മന്നാംകണ്ടം (ദേവികുളം), കട്ടപ്പന (ഇടുക്കി), കുമിളി (ഇടുക്കി) |
| 5 | എറണാകുളം | കൂത്താട്ടുകുളം (പിറവം) |
| 6 | പാലക്കാട് | ആലത്തൂർ (ആലത്തൂർ), മണ്ണാർക്കാട് (മണ്ണാർക്കാട്), കൂറ്റനാട് (തൃത്താല) |
| 7 | മലപ്പുറം | കൊണ്ടോട്ടി (കൊണ്ടോട്ടി) |
| 8 | കോഴിക്കോട് | മുക്കം ( തിരുവമ്പാടി), ബാലുശ്ശേരി (ബാലുശ്ശേരി), താമരശ്ശേരി (കൊടുവള്ളി), |
| 9 | വയനാട് | സുൽത്താൻ ബത്തേരി (സുൽത്താൻ ബത്തേരി), മാനന്തവാടി (മാനന്തവാടി) |

### ഓരോ ഡിസ്പെൻസറിയിലും പുതിയതായി സൃഷ്ടിച്ച തസ്തികകൾ

| ക്രമ നമ്പർ | തസ്തികയുടെ പേര് | ശമ്പള സ്കെയിൽ | അനുവദിച്ച തസ്തികകൾ |
|---|---|---|---|
| 1 | അസിസ്റ്റന്റ് ഇൻഷ്വറൻസ് മെഡിക്കൽ ഓഫീസർ | 45800-89000 | 1 |
| 2 | സ്റ്റാഫ് നഴ്സ് ഗ്രേഡ്- II | 26500-56700 | 1 |
| 3 | ഫാർമസിസ്റ്റ് ഗ്രേഡ് - II | 22200-48000 | 1 |
| 4 | ആക്സിലറി നഴ്സ് മിഡ് വൈഫ് | 19000-43600 | 1 |
| 5 | ക്ലർക്ക് | 19000-43600 | 1 |
| 6 | നഴ്സിംഗ് അസിസ്റ്റന്റ് | 17000-37500 | 1 |
| 7 | ഹോസ്പിറ്റൽ അറ്റൻഡന്റ് ഗ്രേഡ് -II | 16500-35700 | 1 |
| 8 | ഓഫീസ് അറ്റൻഡന്റ് | 16500-35700 | 1 |
| 9 | പാർട്ട് ടൈം സ്വീപ്പർ | 8200-13340 | 1 |
| | ആകെ | | 9 |

സെക്ഷൻ ഓഫീസർ